## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.135
## 08.02.2016 ൽ ബഹു.മുഖ്യമന്ത്രി മറുപടി നൽകേണ്ടത്
## അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ മൂലമുണ്ടാകുന്ന ബാധ്യത

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ, എം.എൽ.എ | | ഉത്തരം<br>ബഹു.മുഖ്യമന്ത്രി |
|---|---|---|
| (എ) | അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ റദ്ദാക്കിയ ഹൈക്കോടതി വിധി നടപ്പിൽ വരുത്തുന്നതിന് പ്രതി വർഷം എത്ര കോടി രൂപയുടെ ബാധ്യതയുണ്ടാകും എന്നാണ് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ റദ്ദാക്കിയ ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുമ്പോൾ സർക്കാരിന് പ്രതിവർഷം ഏകദേശം 1347 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത വരുമെന്ന് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബാധ്യത ഏതെല്ലാം നിലയിലാണ് വരുന്നതെന്ന് വിശദമാക്കാമോ ; | പേ റിവിഷൻ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള കണക്കുകൾ പ്രകാരം നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം -<br>1,52,137 (33,86,000 കുട്ടികൾ)<br>1:45 പ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ എണ്ണം - 74844<br>1:30 പ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ എണ്ണം - 1,12,267<br>അധികമായി ആവശ്യമായി വരുന്ന തസ്തികകളുടെ എണ്ണം - 39,870<br>1:45 ൽ നിന്നും 1:30 ലേയ്ക്ക് മാറുമ്പോൾ ആവശ്യമായി വരുന്ന അധിക തസ്തികകളുടെ എണ്ണം - 37,423<br>അധിക സാമ്പത്തിക ബാധ്യത<br>- 37,423x12x30,000<br>= 1347,22,80,000/- |

| | | |
|---|---|---|
| (സി) | എയ്ഡഡ് മേഖലയ്ക്ക് മാത്രമായി വരുന്ന അധിക ബാധ്യത എത്ര കോടിയാണ്. | എയ്ഡഡ് മേഖലയ്ക്ക് മാത്രമായി വരുന്ന അധിക ബാധ്യത – 898,15,20,000/- |
| (ഡി) | ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഉന്നതതല യോഗത്തിലെടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ; | ബഹു.കോടതിയുടെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിധി ന്യയത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാനും എന്നാൽ 2011-12 മുതലുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച അനിശ്ചിതത്വം തുടരുന്നതിനാൽ സർക്കാർ ഫയൽ ചെയ്യുന്ന അപ്പീലിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി മേൽ ഉത്തരവ് കോടതി വിധിയനുസരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു. |
| (ഇ) | ഇക്കാര്യത്തിൽ ധനവകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഈ കാര്യത്തിൽ ധനകാര്യ വകുപ്പിൽ തയ്യാറാക്കിയ നോട്ടിന്റെ പകർപ്പ് ടി വിവരങ്ങളോടൊപ്പം ലഭ്യമാക്കുന്നു. |

Pauline .G

**സെക്ഷൻ ഓഫീസർ**

## TEACHER'S PACKAGE

The request of Administrative Department at para 50, to Finance Department is to assess the medium to long term financial cost to the excheuquer and whether the tax payers can afford to bare the cost now and pass on to the next generation."

As per the statistics furnish by the Pay Commission the financial cost is as follows (flag 'B')

Total number of Teachers existing now: 1,52,137 (for 33,86,000 students)

No of Teachers required as per 1:45 Ratio (KER) : 74,844

No of Teachers required as per 1:30 Ration (RTE Ratio) : 1,12,267

Excess number of posts required : 39,870

Due to change to switch over from 1:45 Ratio to 1:30 Ratio : 37,423

Financial cost involved : 1347,22,80,000

Rs 1347 Crore

**The cost reported by DPI was Rs.1350 Crore**

SO (A)

James 20

JAMES JOSEPH
Joint Secretary
Finance Department
Govt. Secretariat
Thiruvananthapuram-1

Pauline .6

No.654/Edn.A1/16/Fin
Part file No. 70241/J2/15/G.Edn

Fin(Edn-A)Dept
Dated 05/01/2016

5 [illegible]) The financial commitment as reported by 10th Pay Commission vide para 5.27 (2nd report) is 39870 teacher and Rs.1435 Crore per year . (Copy enclosed) f/B

6 [illegible]) In this context we may request AD to ensure that:-

a) Appeal has to be filed impleading Government of India also, as the RTE Act is a Central Act and GOI was not heard by High Court before issuing the latest order, and the order has several far reaching implecations which will have very disastrous impact on our exchequer.

b) The teachers' Package is only a temporary "one time measure" to manage a crisis, in which several teachers were remaining without approval. It should not be allowed to extend indefinitely. It has to be finalised by the close of this academic year.

c) The student stregth verification on the 6th working day of the academic year, should be compulsorily re-started from 2016-17 year.

d) As had been orderd in all protection orders such as G.O.(P) No.104/69/GEdn dtd 6.3.69, G.O.(P).No. 240/99/G.Edn dtd 29.9.99 and G.O.(P) No.240/2000/G.Edn dtd 24.07.2000 it should be insisted that, if the aided school teachers who are eligible for protection are retrenched due to division fall, they will be eligible for pay and allowance, only from the date on which they are reinstated. The period during which they are out of service will be regularised as eligible leave or Leave Without Allowances.

Pauline 6

222 [redacted]

Otherwise(i) it would be a grave violation of provisions applicable to employees retrenched from government services in all deployments, including Government Secretariat, as per KS&SSR.

ii) It would cause rampant corruption as protected teachers may try to avoid re-deployment as far as possible, if they get salary even in the absence of re-deployment.

e) The system of protection which was dispensed with itself, in 1997 should be stopped here after.

O/C
fcd
5/1/16

**FOR ADDITIONAL CHIEF SECRETARY (FINANCE)**

നം.6225/എഡ്യൂ.എ 1/16/ധന
70241/ജെ2/15/പൊ.വി.വ

ധനകാര്യ (എഡ്യൂക്കേഷൻ.എ) വകുപ്പ്
തീയതി:28/01/2016.

പൊതു താൽപര്യം മുൻനിർത്തിയും 05/01/2006 ലെ ഈ വകുപ്പിന്റെ അഭിപ്രായത്തിൽ പറഞ്ഞിരുന്ന വ്യവസ്ഥകൾ പരിഗണിച്ചും താഴെ പറയുന്നവ (i,ii&iii) കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

i. കേരള വിദ്യാഭ്യാസ നിയമത്തിൽ നിഷ്കർശിക്കുന്ന ഭൗതീക സാഹചര്യങ്ങൾ (സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ക്രമപ്രകാരമുള്ള വിസ്തീർണ്ണത്തോടുകൂടിയ ക്ലാസ്സ് മുറികൾ) ഉള്ള സ്കൂളുകളിൽ മാത്രമേ അധിക ഡിവിഷനുകൾ അനുവദിക്കാവൂ. AEO/DEO ഇത് ഉറപ്പ് വരുത്തേണ്ടതാണ്.

ii. "അദ്ധ്യാപക പാക്കേജ്" ഒരു താത്ക്കാലിക ഒറ്റത്തവണ പദ്ധതിയായതിനാൽ നിയമനാംഗീകാരവുമായ ബന്ധപ്പെട്ട മുഴുവൻ നടപടികളും 31.03.2016 നകം പൂർത്തിയാക്കുകയും 2016-17 വർഷം മുതൽ ക്രമപ്രകാരമുള്ള വെരിഫിക്കേഷനും ഫിക്സേഷനും പുന:സ്ഥാപിക്കുകയും വേണം.

iii. അധികം വരുന്ന അദ്ധ്യാപകർക്കുള്ള സംരക്ഷണം 1997-ൽ തന്നെ സർക്കാർ നിർത്തലാക്കിയിരുന്ന സാഹചര്യത്തിൽ 2015-16 അദ്ധ്യയന വർഷം മുതൽ നടക്കുന്ന നിയമനങ്ങൾക്ക് സംരക്ഷണം ഉണ്ടായിരിക്കുന്നതല്ല.

മേൽ പറയുന്ന ഭേദഗതികളോടെ കരട് ഉത്തരവ് ധനകാര്യ വകുപ്പ് അംഗീകരിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു.

Pauline G

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

Pauline G

Sectt. 30. 3/94/2015/8 Lakh. GPM. © Govt. of Kerala.